ഉത്തരം

(എ) 1999 ജൂൺ 30 വരെ 746.64 കോടി രൂപയും സെപ്റ്റംബർ 30 വരെ 2020.32 കോടി രൂപയും നവംബർ 30 വരെ 2745.04 കോടി രൂപയുമാണ് വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത്.

(ബി) ജൂൺ 30 വരെ 603.52 കോടി, സെപ്റ്റംബർ 30 വരെ 1497.12 കോടി, നവംബർ 30 വരെ 2090.36 കോടി രൂപയും പിരിച്ചെടുത്തു.

(സി) മുൻവർഷം ജൂൺ 30 വരെ വിൽപ്പന നികുതിയിനത്തിൽ 631.98 കോടി രൂപയും സെപ്റ്റംബർ 30 വരെ 1627.78 കോടി രൂപയും നവംബർ 30 വരെ 2298.06 കോടി രൂപയും ആണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്.

(ഡി) 1998 ജൂൺ 30 വരെ 541.72 കോടിയും സെപ്റ്റംബർ 30 വരെ 1345.28 കോടിയും നവംബർ 30 വരെ 1853.30 കോടി രൂപയും പിരിച്ചെടുത്തിരുന്നു.

(ഇ) ഇല്ല.

(എഫ്)ചോദ്യം ഉദിക്കുന്നില്ല.

18 (306) വിൽപ്പന നികുതി കൃത്യമായി പിരിക്കുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ;

(ബി) വിൽപ്പന നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ 1998-99 കാലത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്ര;

(സി) വിൽപ്പന നികുതി ഇനത്തിൽ കുടിശ്ശിക വരുത്തുന്നവർക്ക് തിരിച്ചടവിന് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള സമയബന്ധിത പരിപാടി വിശദീകരിക്കാമോ;

(ഡി) 1998-99 കാലത്ത് കുടിശ്ശികയിനത്തിൽ തിരിച്ചടച്ച നികുതി എത്ര വരും എന്നു വിശദമാക്കാമോ?

ഉത്തരം

(എ) വിൽപ്പന നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. മാസാന്ത റിട്ടേണുകൾ പരിശോധിച്ച് ടാക്സബിൾ ടേണോവറിൻമേൽ അടക്കാൻ ബാദ്ധ്യസ്ഥമായ നികുതി അടച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നു.

2. റിട്ടേണുകൾക്കൊപ്പം അയച്ചിട്ടുള്ള ചെക്കുകളും ഡ്രാഫ്റ്റുകളും ചെലാൻ എഴുതി ഉടൻതന്നെ കളക്ഷനുവേണ്ടി ബന്ധപ്പെട്ട ബാങ്കുകളിലേയ്ക്ക് അയയ്ക്കുന്നു.

3. കച്ചവടക്കാരുടെ കണക്കുകൾ യഥാസമയം പരിശോധിച്ച് അസസ്മെന്റ് പൂർത്തിയാക്കുകയും കുടിശ്ശികയ്ക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. കുടിശ്ശിക തുകയ്ക്ക് തപാൽ മാർഗ്ഗവും നേരിട്ടും കുടിശ്ശിക നോട്ടീസുകൾ നടത്തുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നികുതി പിരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

5. കുടിശ്ശികക്കാരെ നേരിട്ട് കണ്ട് ബന്ധപ്പെട്ട ആഫീസർമാർ/ഇൻസ്പെക്ടർമാർ തുക പിരിച്ചെടുക്കുന്നു.

6. കുടിശ്ശിക നോട്ടീസുകൾ അയച്ചിട്ടും അടയ്ക്കാത്തവരുടെ മേൽ റവന്യൂ റിക്കവറി, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

7. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർ അടക്കമുള്ള സെയിൽസ് ടാക്സ് അസസിംഗ് ഓഫീസേഴ്സിന്റെ കോൺഫറൻസ് വിളിച്ചു കൂട്ടി നികുതി പിരിവ് വിലയിരുത്തുകയും ടാർജറ്റ് പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

8. അപ്പലേറ്റ് വിഭാഗം ആഫീസർമാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും യോഗം വിളിച്ചുകൂട്ടി അപ്പീൽ കേസുകൾ വേഗം തീർപ്പാക്കുന്നതിനും സ്റ്റേ കേസുകൾ വേഗം തീർപ്പാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

(ബി) വിൽപ്പന നികുതി ഉദ്യോഗസ്ഥർ കട പരിശോധന നടത്തിയതിൽ 1998-99 വർഷത്തിൽ 2328 ക്രമക്കേടുകളും വാഹനങ്ങൾ പരിശോധിച്ചതിൽ 1,21,711 ക്രമക്കേടുകളും കണ്ടുപിടിച്ച് കേസുകൾ എടുത്തിട്ടുണ്ട്.

(സി) 31.2.1997 വരെയുള്ള കുടിശ്ശിക മുതലും പലിശയും ഉൾപ്പെടെ 40% വും ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നു. പരമാവധി പലിശ അടച്ചു തീർക്കാനുള്ള മുതലിനു തുല്യമായി നിജപ്പെടുത്തിയിരിക്കുന്നു. അതുപ്രകാരം പണം അടയ്ക്കുന്ന നികുതിദായകർക്ക് അടച്ച നികുതിയോ മറ്റിനങ്ങളോ പിന്നീട് അപ്പീലിലോ, റിവിഷനിലോ കുറവു ചെയ്യപ്പെട്ടു കിട്ടുകയാണെങ്കിൽ കുറവു വരുന്ന തുക പലിശ സഹിതം തിരിച്ചു നൽകുന്നതായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 31.1.2000 വരെയായിരിക്കും.

(ഡി) 1998-99 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ കുടിശ്ശികയായി 68.53 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.30 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

19 (307) പർച്ചേസ് ടാക്സ്

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> :

<u>ശ്രീ. കെ. അച്യുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ടി.സി. റബ്ബർ സംഭരണം നടത്തുന്നതിന് പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുക്കണമെന്ന് കേന്ദ്ര വ്യവസായ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) ഇതനുസരിച്ച് എത്ര കാലം പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുത്തു;

(സി) അതിനുശേഷം പർച്ചേസ് ടാക്സ് ഏർപ്പെടുത്തുവാൻ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly